"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടായ മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ശ്രീ. വൈരങ്കോട് ഭഗവതി ക്ഷേത്രത്തിന് ഊട്ടുപുര നിർമ്മാണത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1994/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/10/2020

---

1 മലപ്പുറം ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെയും .മലപ്പുറം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെയും യഥാക്രമം 26.6.2020,3.3..2020 തീയതിയിലെ കത്തുകൾ .

പരാമർശം:- 2 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.2020ലെ കത്ത്.

3 23/09.2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.46

**ഉത്തരവ്**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രമായ ശ്രീ. വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങൾക്ക് ഉപകാരപ്രദമാവുന്നതിനായി ക്ഷേത്രം ഉടമസ്ഥതയിലുള്ള 198/8 സർവ്വേ നമ്പർ ഭൂമിയിൽ ഊട്ടുപുര നിർമ്മാണത്തിന് പദ്ധതി രൂപീകരിക്കുകയും ആയതിന് വികസന ഫണ്ടിൽ നിന്ന് പ്രോജക്ട് നമ്പർ 2309/20 പ്രകാരം 30 ലക്ഷം രൂപ അടങ്കൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രത്തിന്റെ ഭൂമിയിൽ ഊട്ടുപുര നിർമ്മിക്കുന്നതിന് തടസ്സങ്ങളൊന്നും ഇല്ലെന്ന് ശ്രീ. വൈരങ്കോട് ഭഗവതി ദേവസ്വം അറിയിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം നല്കണമെന്ന ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും ടി പ്രോജക്ടിന് അനുമതി നല്കണമെന്നുമുള്ള മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആവശ്യം മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രമായതിനാൽ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2020-2021 വാർഷിക പദ്ധതിയിൽ (പ്രോജക്ട് നമ്പർ 657/21) ലുൾപ്പെടുത്തിയ ശ്രീ. വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്കായി ഊട്ടുപുര നിർമ്മാണത്തിന് പ്രത്യേകാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്
ജില്ലാ പ്ലാനിംഗ് ഓഫീസർ മലപ്പുറം.
അക്കൌണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് കേരള. തിരുവനന്തപുരം.
ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by
REENAMMA P
Date. 2020.1[illegible]2 16.15:10 IST
Reason. Approved

സെക്ഷൻ ഓഫീസർ